(ബി) മണ്ഡലത്തിലെ ആഡ്യൻപാറയിൽ വകുപ്പ് നടത്തിവന്നിരുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ;

(സി) ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പുതിയ ടൂറിസം പദ്ധതികൾ ഏതെല്ലാമാണ് ; അവയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആഡ്യൻപാറ ടൂറിസം പദ്ധതിയ്ക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമിക്കുന്നു.

(ബി) ആഡ്യൻപാറ ടൂറിസം പദ്ധതിയുടെ പ്രവൃത്തി സിഡ്കോയെയായിരുന്നു എൽപ്പിച്ചിരുന്നത്. സിഡ്കോ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ സിഡ്കോയുമായുള്ള കരാർ റദ്ദാക്കുകയും പ്രവൃത്തി ജില്ലാ നിർമ്മിതി കേന്ദ്രത്തെ എല്പിക്കുകയും ചെയ്തിട്ടുണ്ട്. 2015 മേയ് 31-നകം പ്രവൃത്തി പൂർത്തികരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഭരണാനുമതി നൽകിയ പുതിയ പദ്ധതികൾ ഒന്നുമില്ല.

അരൂർ നിയോജകമണ്ഡലത്തിൽ ആലപ്പുഴ മെഗാസർക്യൂട്ട് ടൂറിസം പദ്ധതി

315 (1013) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ മെഗാസർക്യൂട്ട് ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ട് അരൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; ഈ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുക എത്രയാണ് ; ഇപ്പോൾ ഈ പ്രവൃത്തി ഏതുഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ ; ഈ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എന്നത്തേക്ക് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ആലപ്പുഴ മെഗാസർക്യൂട്ട് ടൂറിസം പദ്ധതിയുടെ ഭാഗമായി അത്രർ നിയോജകമണ്ഡലത്തിൽ അത്രക്കുറ്റി ഹൗസ് ബോട്ട് ടെർമിനൽ, തഴപ്പ് മൈക്രോ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് എന്നീ രണ്ടു പ്രവൃർത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതികൾക്കായി യഥാക്രമം 2,16,47,000 രൂപയും 1,38,06,000 രൂപയും ആണ് അനുവദിച്ചിട്ടുള്ളത്. അത്രക്കുറ്റിയിൽ ബോട്ട് ജെട്ടിയ്ക്കായുള്ള പൈലുകൾ കാസ്റ്റു ചെയ്തു കഴിഞ്ഞ അവസരത്തിൽ പരിസരവാസികളായ മത്സ്യത്തൊഴിലാളികൾ കായലിൽ ബോട്ടുജെട്ടി പണിയുന്നതിനെതിരെയും CRZ അനുമതി ലഭിക്കാതെ പണി തുടരുന്നതിനെതിരേയും തടസ്സവാദങ്ങൾ ഉന്നയിച്ചതിനാൽ പ്രവൃത്തി തടസ്സപ്പെടുകയുണ്ടായി. ഇപ്പോൾ CRZ അനുമതി ലഭിച്ചതിനാൽ പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഉടൻതന്നെ പൈൽ ഡ്രൈവിങ്ങ് തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തഴപ്പിൽ മൈക്രോ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റിന്റെ ഭാഗമായി ശിക്കാര/ മോട്ടോർ ബോട്ടുകൾ അടുക്കാൻ പറ്റുന്ന ചെറിയ ജെട്ടിയുള്ള പൈലുകൾ കാസ്റ്റുചെയ്യുകയും 50% ഡ്രൈവ് ചെയ്യുകയും ചെയ്ത സന്ദർഭത്തിൽ കായലിൽ ഉള്ള നിർമ്മാണത്തിനെതിരായി മത്സ്യത്തൊഴിലാളികൾ പണി തടസ്സപ്പെടുത്തുകയും അങ്ങനെ പണി നിർത്തിവയ്ക്കുകയും ഉണ്ടായി. മത്സ്യ തൊഴിലാളികളുമായി പലവട്ടം ചർച്ച നടത്തി പുതുക്കിയ പ്ലാൻ പ്രകാരം പണി പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. ഉടനെ തന്നെ പണി പുനരാരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ടൂറിസം മാർക്കറ്റിംഗിനായി ചെലവഴിക്കപ്പെട്ട തുക

316 (1014) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മാർക്കറ്റിംഗിനായി ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ചെലവഴിക്കപ്പെട്ട മൊത്തം തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ടൂറിസം വകുപ്പ് എംപാനൽ ചെയ്ത ഏതെല്ലാം ഏജൻസിക്ക് ഓരോ വർഷവും എത്ര തുകവീതം നൽകുകയുണ്ടായിട്ടുണ്ട് ; ഏജൻസികൾവഴി ചെലവായ തുക ഓരോ വർഷവും എത്ര കോടി വീതമാണ് ;

(സി) പരസ്യം നൽകിയ ഇനത്തിൽ ഓരോ വർഷവും എത്ര കോടി വീതം ചെലവായിട്ടുണ്ട് ; പരസ്യം ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശികതുക എത്രയാണ് ;